# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.1)1746/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.1)1746/2023 തീയ്യതി: 05/12/2023

## തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 16-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-12-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2023 | 26-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2023 | 26-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. നിർമ്മൽ കെ. ജി, ഓഡിറ്റ് ഓഫീസർ

ശ്രീ. സിജു പി ഡാംസൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സ്വാലിഹ് സി. പി, ഓഡിറ്റർ

ശ്രീ. രഞ്ജിത്ത് പി. ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ.റിജേഷ് | പ്രസിഡന്റ് | 01-04-2022 | 31-12-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സൗമിനി മണിലാൽ | പ്രസിഡന്റ് | 01-01-2023 | 23-01-2023 |
| അഡ്വ. ആതിര ദേവരാജൻ | പ്രസിഡന്റ് | 24-01-2023 | 31-03-2023 |
| ശ്രീ.പ്രദീപ് പി.ജി | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ.ഫ്രാൻസിസ് എം.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2022 | 07-11-2022 |
| ശ്രീ.പ്രദീപ് പി.ജി | സെക്രട്ടറി | 08-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റാഷി പി ആർ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അശ്വതി.ജി.പ്രസാദ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സുനിൽകുമാർ പി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.പീറ്റർ ജോസഫ് കിണറ്റിങ്കൽ | മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 01-04-2022 | 16-06-2022 |
| ഡോ.പ്രശാന്ത് എസ് മാത്യൂ | മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 17-06-2022 | 31-03-2023 |
| ഡോ. ഇന്ദു ബി കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 23-06-2022 |
| ഡോ. ചാന്ദ്നി കെ.ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-06-2022 | 31-03-2023 |
| ശ്രീമതി.ജിബിന എം.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ.ജിജു കെ വേലായുധൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വെറ്റിലപ്പാറ | 01-04-2022 | 08-08-2022 |
| ശ്രീ.നിഖിൽ പി വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വെറ്റിലപ്പാറ | 09-08-2022 | 31-03-2023 |
| ശ്രീ.ബിജു സി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മലക്കപ്പാറ | 01-04-2022 | 04-05-2022 |
| ശ്രീ.ഉണ്ണികൃഷ്ണൻ എം സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മലക്കപ്പാറ | 05-05-2022 | 31-03-2023 |
| ശ്രീമതി.ഇന്ദു വിശ്വകുമാർ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-12-2022 |
| ശ്രീമതി.സ്മിത ജോസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-01-2023 | 31-03-2023 |
| ശ്രീ.സെബിൻ പി.എഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30-06-2022 |
| ശ്രീ.ആൽവിൻ പി വി, | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-07-2022 | 31-03-2023 |
| ശ്രീമതി.ഷീന കെ എൻ | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽപി സ്കൂൾ വാഴച്ചാൽ | 01-04-2022 | 07-07-2022 |
| ശ്രീമതി.സതി എം.കെ | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽപി സ്കൂൾ വാഴച്ചാൽ | 08-07-2022 | 31-03-2023 |
| ശ്രീ.ഫ്രാൻസിസ് എം.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 07-11-2022 |
| ശ്രീമതി.ആശാലത പി ഡി | അസിസ്റ്റന്റ് സെക്രട്ടറി | 08-11-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി വാങ്ങിയത് ചെലവായി രേഖപ്പെടുത്തി | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ടിലുള്ള ബാലൻസ് തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ 2 പ്രാവശ്യം രണ്ടു വ്യത്യസ്ത തുകകളായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-3 |
| 5 | Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-4 |
| 6 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ മിച്ച തുക തെറ്റായി കണക്കാക്കി | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Excess Of Income Over Expenditure-ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി | 1-1-7 |
| 9 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല | 1-1-8 |
| 10 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-9 |
| 11 | വരവ് രജിസ്റ്ററുകളിലെ തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-12 |
| 14 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-13 |
| 15 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-14 |
| 16 | വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-16 |
| 18 | ലൈബ്രറി സെസ്സ്-വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-17 |
| 19 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-18 |
| 20 | ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-19 |
| 21 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല/ശരിയായി പരിപാലിക്കുന്നില്ല | 1-1-20 |
| 22 | ക്ഷേമ പെൻഷനുകൾ–ചെലവു വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമ പദ്ധതികൾ | 1-6 |
| 28 | ക്യാഷ് പരിശോധന | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 30 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ–അവലോകനം | 1-9 |
| 31 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 1-10 |
| 32 | തെറ്റായ ഉപയോഗക്രമം രേഖപെടുത്തി-വസ്തു നികുതി കുറവായി ഈടാക്കുന്നു | 1-11 |

| | | |
|---|---|---|
| 33 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-12 |
| 34 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ്-അപാകങ്ങൾ | 1-13 |
| 35 | വസ്തു നികുതി - മറ്റു അപാകങ്ങൾ | 1-14 |
| 36 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല | 1-15 |
| 37 | സർക്കാർ ഉത്തരവിന് വിരുദ്ധമായി തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകുന്നു | 1-16 |
| 38 | തൊഴിൽ നികുതി - മറ്റു അപാകതകൾ | 1-17 |
| 39 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - അപാകങ്ങൾ | 1-18 |
| 40 | അമൃതം ഫുഡ്, അങ്കണവാടിയിലേക്കുള്ള ധാന്യങ്ങൾ എന്നീ ഉത്പന്ന വിതരണക്കാരിൽ നിന്നും ജി.എസ്.റ്റി, ടി.ഡി.എസ് ഈടാക്കിയില്ല | 1-19 |
| 41 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-20 |
| 42 | മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റുകൾ–ട്രിപ്പ് ഷീറ്റിലെ അപാകതകൾ | 1-21 |
| 43 | സൗജന്യ നേത്രക്യാമ്പും കണ്ണട വിതരണവും-മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത പ്രോജക്റ്റ് നടപ്പിലാക്കി-ചെലവ് തുകയായ 2,63,723/- രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 44 | വായ്പ ബാധ്യത ഇല്ലാതിരിക്കെ വായ്പ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു | 1-23 |
| 45 | വി.ഇ.ഒ മലക്കപ്പാറ നടപ്പാക്കിയ പ്രോജക്റ്റുകൾ– രേഖകളുടെ സൂക്ഷിപ്പ് | 1-24 |
| 46 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ– 150000 രൂപ മുൻകൂർ നല്കിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല | 1-25 |
| 47 | മാലിന്യസംസ്കരണം:111924/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 48 | ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 1-27 |
| 49 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകത | 1-28 |
| 50 | ഗോത്ര സാരഥി:സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്ത തുക 643239/- തടസ്സപ്പെടുത്തുന്നു | 1-29 |
| 51 | ബാലസഭ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക നൽകി-23830/- രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 52 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 1-31 |
| 53 | ലാപ് ടോപ്പ് നാളിതുവരെ ലഭ്യമായിട്ടില്ല | 1-32 |
| 54 | കുട്ടികൾക്ക് കരാട്ടെ പരിശീലനം-35865/-രൂപ ഈടാക്കേണ്ടതാണ് | 1-33 |
| 55 | വാട്ടർ ടാങ്ക് സ്റ്റോക്കിൽ എടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകൾ ലഭ്യമല്ല. 261000/-തടസ്സപ്പെടുത്തുന്നു | 1-34 |
| 56 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-35 |
| 57 | സ്മാർട്ട് സ്കൂൾ–വാഴച്ചാൽ സ്കൂളിൽ തീയേറ്റർ ലാബ്-ലക്ഷ്യം കൈവരിച്ചില്ല:ചെലവ് തുക 2550109/- തടസ്സപ്പെടുത്തുന്നു | 1-36 |
| 58 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല.350000/- തടസ്സപ്പെടുത്തുന്നു | 1-37 |
| 59 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല.100000/- തടസ്സപ്പെടുത്തുന്നു | 1-38 |
| 60 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുട്ടികൾക്ക് കരാട്ടെ പരിശീലനം-35865/- രൂപ ഈടാക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്കു വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്- | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രിക - സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.07.2023 ലെ 8/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 05.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ചേർത്തിട്ടില്ല.

| ക്രമ | ശീർഷകം | ബാങ്ക് | തുക |
|---|---|---|---|

| നമ്പർ | | അക്കൗണ്ട് | |
|---|---|---|---|
| 1 | 450210101- Biodiversity | 110050160206 | 201871/- |
| 2 | 450210101-President Covid Fund | 1703101011835 | 32223/- |
| 3 | 450210101-KRWSA Tribal Valley Project | 1703201001026 | 595615/- |

## 1-1-2 ആസ്തി വാങ്ങിയത് ചെലവായി രേഖപ്പെടുത്തി

സെക്രട്ടറി നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള ആസ്തികൾ സൃഷ്ടിക്കുന്ന ചെലവുകൾ, ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്താതെ ചെലവായി രേഖപ്പെടുത്തി.

| പ്രോജക്റ്റ് | ഫണ്ട്/അടങ്കൽ | വൗച്ചർ നമ്പർ/തീയ്യതി | ചെലവ് തുക | ബുക്ക് ചെയ്ത ശീർഷകം | ഓഡിറ്റ് പരാമർശം |
|---|---|---|---|---|---|
| 186-അയ്യങ്കാളി സാംസ്കാരിക നിലയത്തിലേയ്ക്ക് ടി.വി സൗണ്ട് സിസ്റ്റം മുതലായവ വാങ്ങി നല്കൽ | വികസനഫണ്ട് (എസ് സി പി)/204000 | 251101205/ 25-01-2023 | 169750 | 251101205-Infrastructure For Arts-Culture-Sports And Youth Welfare-Increasing Facilities In Cultural Centres | അയ്യങ്കാളി സാംസ്കാരിക നിലയത്തിലേയ്ക്ക് നിഡ്സൺ ഇൻഫോ വെ എന്ന സ്ഥാപനത്തിൽ നിന്നും പ്രോജക്ടർ, മൈക്രോഫോൺ എന്നിവയും കെ.പി.എം എന്റർപ്രൈസ് എന്ന സ്ഥാപനത്തിൽ നിന്ന് മേശയും കസേരകളും വാങ്ങിയ തുക ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്താതെ റവന്യൂ ചെലവായി രേഖപ്പെടുത്തി. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. |
| 109-പെരുമ്പാറ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കലും | ധനകാര്യ കമ്മീഷൻ അവാർഡ് /300000 | 42200676 31-3-23 42200674 31-3-23 | 281224 6500 | 251120101 Public Drinking Water Programmes- | പെരുമ്പാറ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കലും കണക്ഷൻ എടുക്കലും ആസ്തി നിർമാണ പ്രോജക്റ്റ് ആണെങ്കിലും |

| | | | | | |
|---|---|---|---|---|---|
| കണക്ഷൻ എടുക്കലും | | | | Maintenance Of Water Sources | ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| 1/23 സ്മാർട്ട് ഗാർബേജ് സിസ്റ്റം | ധനകാര്യ കമ്മീഷൻ അവാർഡ് /200000 | 42200665 31-3-23 42200667 31-3-23 | 53970 142900 | 251220002- Improvement Of The Service Of Local Governments- Maintenance Of Computers And Peripharals | ഈ തുക കെൽട്രോണിന് QR Code പ്രിന്റിംഗ്, എസ്.എം.എസ് ചാർജ്ജ്, സർവ്വീസ് ചാർജ്ജ്, ലാപ് ടോപ്പ് എന്നിവയ്ക്ക് വേണ്ടി നല്കിയ മുൻകൂർ തുകയാണ്. ഇതിൽ ലാപ്ടോപ്പ് ലഭിച്ചിട്ടുണ്ട്. (ഇൻവോയ്സ് 9823 തീയ്യതി 15/3/23 രൂപ 50000). ലാപ്ടോപ്പ് ആസ്തിയായും ബാക്കി തുകയ്ക്കുള്ള സേവനം നാളിതുവരെ ലഭ്യമാക്കാത്തതിനാൽ മുൻകൂർ ശീർഷകത്തിലും ബുക്ക് ചെയ്യുന്നതിന് പകരം ചെലവായി രേഖപ്പെടുത്തി. |

ഇപ്രകാരം രേഖപ്പെടുത്തിയതിനാൽ പഞ്ചായത്തിന്റെ വാർഷികകണക്കുകൾ അയഥാർത്ഥമായ പ്രവർത്തനഫലവും സാമ്പത്തികസ്ഥിതിയും വെളിപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 2 തീയതി 20-10-23, മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ആസ്തികൾ 2023-24 വർഷത്തിൽ "Prior Period Items" ൽ ക്രമീകരിച്ച് ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-3 ബാങ്ക് അക്കൗണ്ടിലുള്ള ബാലൻസ് തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ 2 പ്രാവശ്യം രണ്ടു വ്യത്യസ്ത തുകകളായി രേഖപ്പെടുത്തിയിരിക്കുന്നു**

താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലുള്ള ബാലൻസ് തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ 2 പ്രാവശ്യം രണ്ടു വ്യത്യസ്ത തുകകളായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ബാങ്ക് | അക്കൗണ്ട് നമ്പർ | യഥാർത്ഥ ബാലൻസ് തുക |
|---|---|---|
| കാനറ ബാങ്ക് | 1703201001026 | 595085/- |

എന്നാൽ ടി ബാങ്ക് അക്കൗണ്ടിൽ 595615 രൂപ ബാലൻസ് തുകയുള്ളതായി വീണ്ടും രേഖപ്പെടുത്തിയിട്ടുണ്ട്.

അതിനാൽ ആസ്തി തുക 595615 രൂപ അധികമായി വാർഷികകണക്കുകളിൽ കാണുന്നു. ആയതിനു മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-4 Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിലെ ഷെഡ്യൂൾ I-19 ൽ ഉൾപ്പെട്ട 190100101-Prior Period Income-Property Tax എന്ന ലെഡ്ജർ പ്രകാരം ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 1-1-5 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ മിച്ച തുക തെറ്റായി കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 128,619,299 |
| ആകെ ചെലവ് (B) | | 115,817,954 |
| മിച്ചം തുക C= A-B | | 12,801,345 |
| Prior Period Income (I-19) | 158,530 | |
| Prior Period Expenditure (I-18) | 4,334,087 | |
| Net Difference Between Prior Period Income And Expenses (D) | | -4,175,557 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | | 8,625,788 |

എന്നാൽ ഫോർമുല പ്രകാരം (I-18) - (I-19) എന്ന് ചേർത്തിട്ടുള്ളതിനാൽ D = 4,175,557 എന്നും അതിനാൽ E എന്നത് 16,976,902 രൂപയുമായാണ് കണക്കാക്കിയിരിക്കുന്നത്. ഈ തുകയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

## 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | CFC Basic Grant | 4080502 | 450210101 | 1703101011805 | 16134324 |

| | | | | | | |
|---|---|---|---|---|---|---|
| | 320200113 | CFC-Tied | 10732901 | | | |
| | ആകെ | | 14813403 | | | |
| 2 | 320300102 | Jalanidhi | 2588511 | 450210101 | 1703101003811 | 545192 |

## 1-1-7 Excess Of Income Over Expenditure-ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി

31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടിയിരുന്നത് Income And Expenditure Account ൽ മിച്ച തുകയായി കണക്കാക്കേണ്ടിയിരുന്ന 8625788 രൂപയായിരുന്നു. അതനുസരിച്ച് 31.03.2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് 10381778 രൂപയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 1755990 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക | 8625788 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | 10,381,778 |

എന്നാൽ 31.03.23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് 10,398,165/- രൂപയാണ്.

## 1-1-8 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല

31/3/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് (86788742/-) 31/03/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26.07.2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.
2023-24 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income ”എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-1-9 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക 322246/- ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ. 26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം 2 വർഷത്തിനുമേൽ കുടിശ്ശികയുള്ള സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-10 വരവ് രജിസ്റ്ററുകളിലെ തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന ഇനങ്ങളിലെ തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാലൻസ് |
|---|---|---|---|---|---|
| ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- രജിസ്റ്റർ | വാർഷിക കണക്കുകൾ പ്രകാരം | 336100 | 134890 | 135900 | 0 |
| | രജിസ്റ്റർ പ്രകാരം | 336100 | 336100 | | 0 |
| തൊഴിൽ നികുതി (ട്രേഡ്സ്) | വാർഷിക കണക്കുകൾ പ്രകാരം | 234070 | 142090 | 99180 | 0 |
| | രജിസ്റ്റർ പ്രകാരം | 234070 | 234070 | | 0 |

1. FACTEOS ലൈസൻസ് രജിസ്റ്റർ പ്രകാരം കളക്ഷൻ തുക 336100 രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം കളക്ഷൻ തുക 270790 രൂപയാണ് (മുൻകൂർ ക്രമീകരിച്ചത് ഉൾപ്പടെ). 65310 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. തൊഴിൽ നികുതി (ട്രേഡ്സ്) രജിസ്റ്റർ പ്രകാരം കളക്ഷൻ തുക 234070 രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം കളക്ഷൻ തുക 241270 രൂപയാണ് (മുൻകൂർ ക്രമീകരിച്ചത് ഉൾപ്പടെ). 7200 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-1-11 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3227219/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4424620/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-12 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ /25.10.2023)

## 1-1-13 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01/04/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.

(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 125 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് താഴെ കൊടുത്തിരിക്കും പ്രകാരം ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1 | വസ്തു നികുതി-റസിഡൻഷ്യൽ | 110100101 | 390079 | 31.03.23 | 431100101 |
| 2 | വസ്തു നികുതി-നോൺ റസിഡൻഷ്യൽ | 110100102 | 3880584 | 31.03.23 | 431100103 |

ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-14 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-15 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ്

എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**1. തൻവർഷം**

1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 390053 | 387384 | 4466 | 763 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 390079 | 384156 | **13986 | *763 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(803/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

** Non Residential കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിലുള്ള അഡ്വാൻസ് തുക (9520/-) 350410101-Advance Collection-PT On Res. എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്.

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല (26 രൂപയുടെ വ്യത്യാസം വാർഷിക കണക്കുകളിൽ കൂടുതലാണ്).
2. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.
3. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 3228/- രൂപ കൂടുതലാണ് വന്നിട്ടുള്ളത്. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.
4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3880584 | 3731424 | 9520 | 140162 |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3880584 | 3716451 | **0 | *140162 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(147177 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

** Non Residential കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിലുള്ള അഡ്വാൻസ് തുക (9520/-) 350410101-Advance Collection-PT On Res. എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്.

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 14973/- രൂപ കൂടുതലാണ് വന്നിട്ടുള്ളത്. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-16 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 10410 | 2513 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 1718 | 505 |

## 1-1-17 ലൈബ്രറി സെസ്സ്-വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 206714/-(RP-35 ഷെഡ്യൂൾ പ്രകാരം) രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 206597 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 222661 രൂപയാണ്. (വൗച്ചർ നം. 42201348, തീ.

31.03.2023 (20910+201751=222661))

### 1-1-18 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-19 ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും
മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-രജിസ്റ്റർ

4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
5. വാടക ഡിമാന്റ് രജിസ്റ്റർ

### 1-1-20 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല/ശരിയായി പരിപാലിക്കുന്നില്ല

1. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ൽ ഉൾപ്പെട്ട ശീർഷകങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്റർ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട ശീർഷകങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-21 ക്ഷേമ പെൻഷനുകൾ-ചെലവു വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ക്ഷേമ പെൻഷനുകൾ നൽകിയ ഇനത്തിലുള്ള ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 753800 | 61 |
| വിധവാ പെൻഷൻ | 5736400 | 519 |
| വാർദ്ധക്യകാല പെൻഷൻ | 7215400 | 686 |
| വികലാംഗപെൻഷൻ | 977000 | 92 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 166400 | 12 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

എന്നാൽ പ്രസ്തുത വിവരങ്ങൾ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ I&E പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 07/03/2022 | |
| കമ്മിറ്റി തീരുമാനം | 07/03/2022 തീയ്യതിയിലെ 2/1 നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 198080000 | 196101500 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 28/02/2023 | |
| കമ്മിറ്റി തീരുമാനം | 2/2 നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 194134600 | 191758750 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 50313400 | 50313400 | 34640739 | 15672661 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4702568 | 4702568 | 4179598 | 522970 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3466868 | 3466868 | 3254298 | 212570 |
| മെയിന്റനൻസ്, റോഡ് | 0 | 4191000 | 4191000 | 921022 | 3269978 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 10272000 | 10272000 | 8687387 | 1584613 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് ബാങ്ക് | 9759128 | 13375000 | 23134128 | 12401227 | 10732901 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്-ട്രഷറി | 0 | 8875776 | 8875776 | 476196 | 8399580 |
| സെൻട്രൽ | 3518348 | 9330998 | 12849346 | 8768844 | 4080502 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്-ബാങ്ക് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്-ട്രഷറി | 0 | 852078 | 852078 | 0 | 852078 |
| ശുചിത്വ മിഷൻ | 1359269 | 0 | 1359269 | 223409 | 1135860 |
| ICDS | 484302 | 818212 | 1302514 | 554858 | 747656 |
| ICPS | 22000 | 0 | 22000 | 0 | 22000 |
| Centrally Sponsored Schemes Under The Macro Management Policy | 0 | 450000 | 450000 | 0 | 450000 |
| Health Grant Towards Conversion Of Conversion Of PHCs And Subcentres Into Health And Wellness Centres | 0 | 196675 | 196675 | 0 | 196675 |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 0 | 346824 | 346824 | 158287 | 188537 |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്.
പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-4 പദ്ധതി അവലോകനം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 223 | 103148400 | 173 | 72313672 | 70.10 | 77.57 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11212 | 955223 | 966435 | 961234 | 5201 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 33572952 | 33572952 | 33572952 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 2517662 | 2517662 | 2517662 | 0 |
| ആകെ | 11212 | 37045837 | 37057049 | 37051848 | 5201 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 753800 | 61 |
| വിധവാ പെൻഷൻ | 5736400 | 519 |
| വാർദ്ധക്യകാല പെൻഷൻ | 7215400 | 686 |
| വികലാംഗപെൻഷൻ | 977000 | 92 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 166400 | 12 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്. ആയത് 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. വിശദവിവരങ്ങൾ ഖണ്ഡിക 1-1-21 ൽ ചേർത്തിട്ടുണ്ട്.

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2023 തീയതിയിൽ 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35951 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം യഥാസമയം ലഭ്യമാകുന്നതിന് സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമാണചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ടുന്ന രേഖകൾ യഥാസമയം ബന്ധപ്പെട്ട കക്ഷികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കലുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിട്സ് പ്രകാരം കാണുന്നത്. നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല.

ബജറ്റും യഥാർത്ഥവരവുമായുള്ള താരതമ്യം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 4,200,000 | 4,200,000 | 4270663 |
| തൊഴിൽനികുതി | 2,100,000 | 2,100,000 | 1915950 |
| വാടക, | 367,500 | 367,500 | 166150 |
| ലൈസൻസ് ഫീസ് | 367,500 | 367,500 | 336100 |

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ്(%) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 386,128 | 390,079 | 1.02 | 125 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 3,128,890 | 3,880,584 | 24.02 | 125 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ/ട്രേഡേഴ്സ് | 182,690 | 241,270 | 32.06 | |
| തൊഴിൽ നികുതി - ജീവനക്കാർ | 1,344,190 | 1,674,680 | 24.58 | |
| വാടക | 103,400 | 166,150 | 60.68 | |
| FACTEOS ലൈസൻസ് | 297,600 | 336,100 | 12.93 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

**വസ്തുനികുതി**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 21.06.2023 ലെ 8 (1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. വിജ്ഞാപനം അന്തിമമാക്കിയിട്ടില്ല.
വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ

നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തുന്നത് മൂലം വസ്തു നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. ആയത് ഖണ്ഡിക 1-10 ൽ പരാമർശിച്ചിട്ടുണ്ട്.

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിച്ചിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നത്, ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി വർദ്ധനയ്ക്ക് കാരണമാകുന്നതാണ്. ആയതിനാൽ ഇത്തരം നടപടികൾ ഊർജിതമായി നടത്തേണ്ടതാണ്. വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ പഞ്ചായത്ത് (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല.

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ റിസോർട്ടുകളുടെ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി വരുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്. ലൈസെൻസ് നൽകുമ്പോൾ നടത്തുന്ന ഫീൽഡ് തല പരിശോധനയിൽ കെട്ടിടവും പ്രവർത്തിക്കുന്ന ഉപയോഗ ക്രമം തന്നെയാണോ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പഞ്ചായത്ത് കെട്ടിടത്തിന്റെ സമീപം പ്രവർത്തിക്കുന്ന വൈറ്റ് പാലസ് ഹോം സ്റ്റേ എന്ന സ്ഥാപനത്തിന്റെ സഞ്ചയയിലെ ഉപയോഗ ക്രമം ലോഡ്ജ് എന്നതിൽ നിന്നും ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിലേക്ക് ഇപ്രകാരം ഫീൽഡ് തല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാറ്റിയിട്ടുണ്ട്. ഈ മാതൃക എല്ലാ കെട്ടിടങ്ങളുടെയും കാര്യത്തിൽ പിന്തുടരാവുന്നതും ലൈസെൻസ് എടുത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയത് മൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്താവുന്നതുമാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്താൽ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കുമെന്ന് വിലയിരുത്തുന്നു.

**<u>സേവന ഉപനികുതി</u>**

നിലവിൽ പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുന്നില്ല. ആയതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ സേവന ഉപനികുതി ചുമത്തുന്നതിന് ഭരണസമിതിക്ക് തീരുമാനം എടുക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

<u>പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.</u>

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) ൽ പരാമർശിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് ഉപരിയായി ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി അപ്രകാരമുള്ള ഒരു സേവനം പ്രത്യേകമായും വിപുലമായും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള പക്ഷം, അതിന്റെ ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കാവുന്നതാണ്. അത് ചട്ടം26(1) പ്രകാരം ചുമത്തപ്പെടുന്ന സേവന ഉപനികുതിയിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ ഫീസ് ഈടാക്കാനുള്ള സാദ്ധ്യതയും പരിശോധിക്കേണ്ടതാണ്.

**<u>തൊഴിൽനികുതി</u>**

സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ, പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. സ്പാർക്ക് പോലുള്ള സോഫ്റ്റ് വെയറിൽ നിന്നും നേരിട്ട് തന്നെ തൊഴിൽ നികുതി കണക്കാക്കി അക്കൌണ്ടിൽ വരവ് വരുന്ന രീതി നടപ്പാക്കാവുന്നതാണ്. കണക്ക് കൃത്യമായി സമർപ്പിക്കാത്ത സ്ഥാപന മേധാവിക്ക് പിഴ ചുമത്താവുന്നതാണ് (1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 24).

ഓരോ അർദ്ധവർഷത്തിലും നിലവിലുള്ള അസസ്സ്മെന്റുകളുടെ നിശ്ചിത ശതമാനം പരിശോധന നടത്താവുന്നതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും ലോഗിൻ നൽകി അതിൽ ജീവനക്കാരുടെ വിവരങ്ങളും ഇടപാടുകളും സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി നികുതി ഓൺലൈനായി അടക്കാവുന്നതും അതു വഴി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും നികുതി അടവാക്കിയതായി ഉറപ്പ് വരുത്താവുന്നതുമാണ്. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ തന്നെ സ്ഥാപനത്തിന് ലോഗിൻ ഐഡി നൽകി ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് വഴി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പരസ്പരം ബന്ധിപ്പിക്കുന്നത് നികുതി പിരിവ് കൂടുതൽ ഫലപ്രദമാകുന്നതിനു സഹായകമാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും വരുത്താവുന്നതാണ്. വിവിധ മേഖലകളിൽ സ്വയം തൊഴിൽ പ്രാക്ടീസ് ചെയ്ത് വരുന്നവരിൽ നിന്ന് വരുമാനത്തിന്റെ ആനുപാതികമായി ഒരു അർദ്ധവർഷത്തേക്ക് നിശ്ചിത തുക തൊഴിൽ നികുതിയായി അടവാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന തരത്തിൽ തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി വരുത്തുന്നത് പരിഗണിക്കുന്നതിന് സർക്കാരിൽ നിർദ്ദേശം സമർപ്പിക്കാവുന്നതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ,സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് പരിപാലിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ് വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

**<u>ലൈസൻസ് വരവ്</u>**

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഖണ്ഡിക 1-15 ലും പരാമർശിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽനികുതി) വാണിജ്യ - വ്യവസായാവശ്യങ്ങൾക്കുള്ള എല്ലാ കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ്

നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

**ലേലം, വാടക, തുടങ്ങിയവ**

കെട്ടിടങ്ങളിൽ നിന്നും ഓഡിറ്റോറിയം/ഹാൾ എന്നിവയിൽ നിന്നുമുള്ള വാടക ഇനത്തിലുള്ള വാർഷിക വരുമാന വർദ്ധനവ് അഭിനന്ദനാർഹമാണ്.

**വിനോദനികുതി**

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ വിനോദനികുതി ഈടാക്കുന്നില്ല. കേരളത്തിലെ അറിയപ്പെടുന്ന വിനോദ സഞ്ചാര മേഖലയായ അതിരപ്പിള്ളിയിൽ തദ്ദേശീയ ടൂറിസം വികസനത്തിന് ഒട്ടനവധി സാധ്യതകളുള്ളതിനാൽ പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യം എടുക്കേണ്ടതും തനത് വരുമാന വർദ്ധനവിനും പ്രദേശത്തിന്റെ മൊത്തം വികസനത്തിനും ആവശ്യമായ കാഴ്ചപ്പാടോട് കൂടി പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.

**മറ്റിനങ്ങൾ**

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (ഭാവിയിൽ വരുമാന മാർഗ്ഗമാകാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിനു നിഷ്ക്രിയ ആസ്തികൾ ഉണ്ടോ എന്ന് സ്ഥലപരിശോധന നടത്തി കണ്ടെത്തേണ്ടതും, പ്രസ്തുത ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

**ഓഡിറ്റ് ശുപാർശകൾ:**

- തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- നികുതി/നികുതിയേതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.
- അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.
- പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി ഡിമാൻഡ് ചെയ്യേണ്ടതാണ്.
- കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-10 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കു ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| | |
|---|---|
| വാർഡ് നമ്പർ | 7 |
| കെട്ടിട നമ്പർ | 123 A |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ജീബീ ഹോട്ടൽസ് ആൻറ് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിനു വേണ്ടി മാനേജിംഗ് ഡയറക്ടർ ലവ്‌ലി ബസന്ത് |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2020 ആദ്യ അർദ്ധ വാർഷികം |

| തറ വിസ്തീർണം: 114.9 ച.മീ | | |
|---|---|---|
| ഈടാക്കുന്ന അടിസ്ഥാന നികുതി (സഞ്ചയ പ്രകാരമുള്ള നികുതി നിരക്ക് – 40 രൂപ/ച.മീ | ഈടാക്കേണ്ട അടിസ്ഥാന നികുതി (ബാധകമാക്കേണ്ട നികുതി നിരക്ക്- 70രൂപ/ച.മീ) | അടിസ്ഥാന നികുതിയിലുള്ള പ്രതിവർഷ നഷ്ടം |
| 4596 | 114.9*70=8043 | 8043 – 4596 = 3447/- രൂപ |

നികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ വലിയ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9/21.10.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടം സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി വരവിൽ കുറവ് വന്ന തുക കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ മേൽ കെട്ടിടം ഉൾപ്പെടെ ഇത്തരം അപാകങ്ങൾ ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമം, അടിസ്ഥാന വസ്തുനികുതി നിരക്ക് എന്നിവ സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതും വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 തെറ്റായ ഉപയോഗക്രമം രേഖപെടുത്തി-വസ്തു നികുതി കുറവായി ഈടാക്കുന്നു

അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ രേഖകൾ (ലൈസൻസ് അപേക്ഷ നമ്പർ 1 മുതൽ 30 വരെ), സഞ്ചയ സോഫ്റ്റ്‌വെയർ രേഖകൾ (വാർഡ് നമ്പർ 6,7) പഞ്ചായത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, ഇന്റർനെറ്റിൽ നിന്നുള്ള പരസ്യങ്ങൾ (Www.google.com, Www.ambadyresort.in,www.rainforest.in) എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് വൻതോതിൽ വരുമാന നഷ്ടം സംഭവിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | വിസ്തീർണം (ച:മീ) | ലൈസൻസ് അപേക്ഷ നമ്പർ | ഉപയോഗ ക്രമം | | നികുതി നിരക്ക് | | അടിസ്ഥാന നികുതി | | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | സഞ്ചയയിൽ രേഖ പ്പെടുത്തിയത് | രേഖപ്പെടു ത്തേണ്ടി ഇരുന്നത് | സഞ്ചയയിൽ രേഖ പ്പെടുത്തിയത് | രേഖപ്പെടു ത്തേണ്ടി ഇരുന്നത് | സഞ്ചയയിൽ രേഖ പ്പെടുത്തിയത് | രേഖപ്പെടു ത്തേണ്ടി ഇരുന്നത് | |
| 1 | 6/ 247 | അമ്പാടി റിസോർട് | 460 | 1 | ലോഡ്ജ് | റിസോർട്ടുകൾ | 30 | 90 | 13800 | 41400 | 27600 |
| 2 | 7/ 165 | റെയിൻ ഫോറെസ്റ് റിസോർട് | 30 | 20 | പാർപ്പിട ആവശ്യം –വീടുകൾ | റിസോർട്ടുകൾ | 3 | 90 | 90 | 2700 | 2610 |
| 3 | 7/ 166 | റെയിൻ ഫോറെസ്റ് റിസോർട് | 60 | 20 | പാർപ്പിട ആവശ്യം – വീടുകൾ | റിസോർട്ടുകൾ | 3 | 90 | 180 | 5400 | 5220 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 4 | 7/ 168 | റെയിൻ ഫോറെസ്റ്റ് റിസോർട്ട് | 101.38 | 20 | പാർപ്പിട ആവശ്യം – വീട്ടുകൾ | റിസോർട്ടുകൾ | 3 | 90 | 305 | 9125 | 8820 |
| 5 | 7/ 169 | റെയിൻ ഫോറെസ്റ്റ് റിസോർട്ട് | 41.41 | 20 | പാർപ്പിട ആവശ്യം – വീട്ടുകൾ | റിസോർട്ടുകൾ | 3 | 90 | 125 | 3727 | 3602 |

പഞ്ചായത്തിന്റെ മുഖ്യ നികുതി വരുമാന സ്രോതസ്സ് വസ്തുനികുതിയാണ്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷ സാഹചര്യം പരിഗണിക്കുമ്പോൾ വസ്തു നികുതിയിനത്തിൽ നോൺ റസിഡൻഷ്യൽ കാറ്റഗറിയിലുള്ള ഇത്തരത്തിലുള്ള (റിസോർട്ട്/ഹോട്ടൽ/ഹോംസ്റ്റേ) കെട്ടിടങ്ങളിൽ നിന്നാണ് വരുമാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നത് എന്നതിനാൽ, മേൽ വിവരിച്ച പ്രകാരം വസ്തുനികുതി തെറ്റായി കണക്കാക്കുന്നതുമൂലം പഞ്ചായത്തിന് വൻതോതിൽ വരുമാന നഷ്ടം സംഭവിക്കുന്നു. മേൽ പ്രതിപാദിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി ഈടാക്കിയതിലുള്ള കുറവ് കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോർട്ട്/ഹോട്ടൽ/ഹോംസ്റ്റേ കാറ്റഗറിയിൽപ്പെട്ട സ്ഥാപനങ്ങളെ, സഞ്ചയയിൽ തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/21.10 .2023)

## 1-12 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9/21.10.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-13 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ്-അപാകങ്ങൾ

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട് (വാർഡ് നമ്പർ 1,2,3,5 എന്നീ വാർഡുകളിലെ വിവരങ്ങൾ മാത്രം സഞ്ചയയിൽ പരിശോധിച്ചതിൽ നിന്ന്).

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | ഫയൽ നം./അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 1/ 232 A | അരവിന്ദാക്ഷൻ | 400749/PTEX01 /GPO/2022/2525 28.9.2022 | 1.4.2022-30.9.2022 |
| 2 | 1/ 232 | അരവിന്ദാക്ഷൻ | 400749/PTEX01 | 18.11.2022- |

| | | | | |
|---|---|---|---|---|
| | A | | /GPO/2022/3785<br><br>20.1.2023 | 31.3.2023 |
| 3 | 2/101 | ചന്ദ്രബോസ് | 400749/PTEX01<br>/GPO/2022/4113<br>20.1.2023 | 29.11.2022-<br>31.3.2023 |
| 4 | 3/205 | മേരിമാതാ<br>ചർച്ച് | 400749/PTEX01<br>/GPO/2022/2656<br>1.10.2022 | 1.4.2022-<br>30.9.2022 |
| 5 | 3/203 | മേരിമാതാ<br>ചർച്ച് | 400749/PTEX01<br>/GPO/2023/1611<br>14.3.2023 | 1.10.2022-<br>31.3.2023 |
| 6 | 5/161<br>A | സുരേഷ് | SC3-772/2022<br>29.8.2022 | 4.6.2022-<br>30.9.2022 |
| 7 | 5/161<br>A | സുരേഷ് | 400749/PTEX01<br>/GPO/2023/384<br>1.2.2023 | 1.10.2022-<br>31.3.2023 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 9/21.10.23) മറുപടി ലഭ്യമാക്കിയില്ല. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കുന്നതിനൊടൊപ്പം 2022-23 സാമ്പത്തിക വർഷത്തിൽ ഇളവ് നൽകിയ എല്ലാ കെട്ടിടങ്ങൾക്കും ചട്ടങ്ങൾ പാലിച്ച കൊണ്ടാണ് ഇളവ് നല്കിയിട്ടുള്ളതെന്ന ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം അത്തരം കെട്ടിടങ്ങളിൽ നിന്ന് അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി - മറ്റ അപാകങ്ങൾ

1. ഫയൽ നമ്പർ 400749/RPTL20/GPO/2023/1134 തീയതി.22.03.2023 പ്രകാരം Silver Storm Amusement Parks Pvt Ltd,Vettilappara എന്ന സ്ഥാപനത്തിന് 01-04-2023 മുതൽ 31-03-2028 വരെയുള്ള കാലയളവിലേക്ക് Water Theme Park നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്. 2/181-188,2/188.A To P എന്നീ നമ്പറുകളിലുള്ള കെട്ടിടങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ 2/188 M എന്ന നമ്പർ കെട്ടിടം നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ എന്ന ഉപയോഗക്രമം രേഖപെടുത്തിയതായും മറ്റുള്ള കെട്ടിടങ്ങൾ വിവിധ ഉപയോഗക്രമങ്ങൾ രേഖപെടുത്തിയതായും ശ്രദ്ധയിൽപെട്ടു. കൂടാതെ സ്ഥാപനത്തിന്റെ പരസ്യബോർഡ് പ്രകാരം വാട്ടർ തീം പാർക്കിനോടനുബന്ധിച്ച Silver Storm Resorts എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മേൽ കെട്ടിട നമ്പറുകളിൽ റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ ഒന്നും തന്നെ ഇല്ല. സ്ഥലപരിശോധന നടത്തി 2/188 M എന്ന കെട്ടിടത്തിന്റെ ഉപയോഗത്തിനനുസരിച്ച സഞ്ചയയിൽ ഉപയോഗക്രമം രേഖപ്പെടുത്തി കുറവായി ഈടാക്കിയ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. കൂടാതെ മറ്റ കെട്ടിടങ്ങളുടെ ഉപയോഗത്തിനനുസരിച്ച പഞ്ചായത്തിനു പരമാവധി നികുതി വരവ് ലഭിക്കുന്ന വിധത്തിൽ നികുതി നിർണയിച്ച ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. റെയിൻ ഫോറസ്റ്റ് റിസോർട് എന്ന സ്ഥപനത്തിന്റെ വെബ്സൈറ്റ് (Www.rainforest.in) പ്രകാരം മേൽ സ്ഥാപനത്തിൽ ആയുർവേദ ചികിത്സ സൗകര്യം ഉണ്ട്. എന്നാൽ മേൽ സ്ഥപനത്തിന്റേതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു കെട്ടിടത്തിനും ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്ന ഉപയോഗ ഗണത്തിൽ (കുറഞ്ഞത് 150രൂപ / ച.മീ., കൂടിയത് 160 രൂപ / ച.മീ) ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ചിട്ടില്ല.മേൽ സ്ഥാപനത്തിൽ സ്ഥലപരിശോധന നടത്തി ആയുർവേദ ചികിത്സ സൗകര്യം ഏർപ്പെടുത്തിയ കെട്ടിടം

കണ്ടെത്തി പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/21.10.2023)

## 1-15 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. കുറവ് വന്ന തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് | രസീത് നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | അരുൺ ടി എച്ച് (ഓവർസിയർ) | MGNREGS | ഒന്നാം അർദ്ധ വർഷം | 144240 (24040 *6) | 1250 | 1000 | 250 | 1220200484/ 27.10.2022 |
| 2 | സന്ധ്യ രഞ്ജിത്ത് (DEO) | MGNREGS | ഒന്നാം അർദ്ധ വർഷം | 144240 (24040 *6) | 1250 | 1000 | 250 | |
| 3 | ഗീതു ഗോപി (DEO) | MGNREGS | ഒന്നാം അർദ്ധ വർഷം | 144240 (24040 *6) | 1250 | 1000 | 250 | |
| 4 | അരുൺ ടി എച്ച് (ഓവർസിയർ) | MGNREGS | രണ്ടാം അർദ്ധ വർഷം | 153240 (25540 *6) | 1250 | 1000 | 250 | 1220102367/ 17.3.2023 |
| 5 | സന്ധ്യ രഞ്ജിത്ത് (AITA) | MGNREGS | രണ്ടാം അർദ്ധ വർഷം | 144240 (24040 *6) | 1250 | 1000 | 250 | |
| 6 | ജ്യോതി അശോകൻ (ഓവർസിയർ) | MGNREGS | രണ്ടാം അർദ്ധ വർഷം | 153240 (25540 *6) | 1250 | 1000 | 250 | |
| 7 | ആശ പി വി (AITA) | MGNREGS | രണ്ടാം അർദ്ധ വർഷം | 144240 (24040 *6) | 1250 | 1000 | 250 | |
| 8 | ജിജി ജിനീഷ് (ഓഫീസ് സ്റ്റാഫ്) | ശ്രീ ധർമ എച് പി ഗ്യാസ് ഏജൻസി | രണ്ടാം അർദ്ധ വർഷം | 18000 | 180 | 120 | 60 | 1220102436/ 27.03.2023 |
| | ആകെ | | | | | | 1810 | |

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.10.2023)

## 1-16 സർക്കാർ ഉത്തരവിന് വിരുദ്ധമായി തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകുന്നു

തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും 1948 ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ വിവിധ വകുപ്പുകൾ നൽകിയ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഇറക്കിയ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥാപങ്ങൾ നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി നൽകാതെ സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിലാളി യുടെ പേര്/ ഉദ്യോഗപ്പേര് | റിട്ടേൺ പ്രകാരം നൽകുന്ന അടിസ്ഥാന വേതനം (രൂപ) | നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ) | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|
| 1 | നോട്ടർ ഡാം സ്കൂൾ | രേണു കെ ആർ (ഓഫീസ് സ്റ്റാഫ്) | 10660 | 12590 | G.O.(P) No.22/2021/LBR Dated, Thiruvananthapuram, 11 Th February, 2021 (സ്വകാര്യ വിദ്യാഭാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരി ക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്) |
| | | ദേവിക (ഓഫീസ് സ്റ്റാഫ്) | 10660 | 12590 | |
| | | സെല്ലി ആന്റോ (ഓഫീസ് സ്റ്റാഫ്) | 9960 | 12590 | |
| | | ഫിലോമിന (മെയിന്റനൻസ് സ്റ്റാഫ്) | 11250 | 12250 | |
| | | ജിനി ജോസഫ് (മെയിന്റനൻസ് സ്റ്റാഫ്) | 10750 | 12250 | |
| | | മായ മിൽട്ടൺ (മെയിന്റനൻസ് സ്റ്റാഫ്) | 10250 | 12250 | |
| | | സുനിത (മെയിന്റനൻസ് സ്റ്റാഫ്) | 8450 | 12250 | |
| | | കൊച്ചു റാണി (മെയിന്റനൻസ് സ്റ്റാഫ്) | 8350 | 12250 | |
| | | ഷിജി (മെയിന്റനൻസ് സ്റ്റാഫ്) | 8350 | 12250 | |
| | | രേഷ്മ (മെയിന്റനൻസ് സ്റ്റാഫ്) | 8350 | 12250 | |
| 2 | ഗ്രീൻ വാലി മോട്ടൽസ് | ദിലീപ് (കാഷ്യർ) | 7400 | 8040 | G.O.(P) No.196/2016/LBR Dated, Thiruvananthapuram, 21 St December, 2016 |
| | | രാജീവ് മോൻ (ബാർ മാൻ) | 7400 | 7850 | |

| | | | | | |
|---|---|---|---|---|---|
| | | | | | (സംസ്ഥാനത്തെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്) |
| | | സുരേഷ് കെ ടി (യൂട്ടിലിറ്റി) | 7000 | 7660 | |
| | | ജോമോൻ (വെയ്റ്റർ) | 7400 | 7850 | |
| 3 | അതിരപ്പിള്ളി പെട്രോ പാർക്ക് | രാമ ചന്ദ്രൻ (സെയിൽസ്) | 9600 | 13300 | G.O. (P) No. 22/2020/LBR. Dated, Thiruvananthapuram, 7th February, 2020 (കേരള സംസ്ഥാനത്തെ പെട്രോൾ പമ്പ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്) |
| | | അനിൽ (സെയിൽസ്) | 9600 | 13300 | |
| | | ഷിബി (സെയിൽസ്) | 9600 | 13300 | |
| | | സുഭാഷിണി (സെയിൽസ്) | 9600 | 13300 | |
| 4 | കല്ലേലി ഫ്യൂവൽസ് | സരിത മനു (സെയിൽസ്) | 9500 | 13300 | G.O. (P) No. 22/2020/LBR. Dated, Thiruvananthapuram, 7th February, 2020 (കേരള സംസ്ഥാനത്തെ പെട്രോൾ പമ്പ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്) |
| | | അപ്സര (സെയിൽസ്) | 9500 | 13300 | |
| | | ജയകുമാർ (സെയിൽസ്) | 10900 | 13300 | |
| | | ധന്യ ഉണ്ണികൃഷ്ണൻ (മാനേജർ) | 9500 | 13740 | |
| 5 | ഹോളി ഏഞ്ചൽസ് സി.എൽ.പി സ്കൂൾ അത്രൂർമുഴി | ജിഷ ഷൈജു (ആയ) | 5100 | 11130 | G.O.(P) No.22/2021/LBR Dated, Thiruvananthapuram, 11 Th February, 2021 |

| | | | | | |
|---|---|---|---|---|---|
| | | ലിജോ ജോസ് (ഡ്രൈവർ) | 7750 | 12590 | (സ്വകാര്യ വിദ്യാഭാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്) |
| 6 | സെന്റ് ജോർജ് ഫുഡ്സ് | ലത (ലഭ്യമല്ല) | 2900 | തസ്തിക അനുസരിച്ച് 12340 രൂപ മുതൽ 16790 രൂപ വരെ | G.O. (P) No. 52/2020/LBR. Dated, Thiruvananthapuram, 9th June, 2020<br><br>കേരള സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണവും വിതരണവും മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്) |
| | | രമ (ലഭ്യമല്ല) | 2900 | തസ്തിക അനുസരിച്ച് 12340 രൂപ മുതൽ 16790 രൂപ വരെ | |
| | | സിനി (ലഭ്യമല്ല) | 2900 | തസ്തിക അനുസരിച്ച് 12340 രൂപ മുതൽ 16790 രൂപ വരെ | |
| | | കൊച്ചുറാണി (ലഭ്യമല്ല) | 2900 | തസ്തിക അനുസരിച്ച് 12340 രൂപ മുതൽ 16790 രൂപ വരെ | |
| | | ഷീല (ലഭ്യമല്ല) | 2900 | തസ്തിക അനുസരിച്ച് 12340 രൂപ മുതൽ 16790 രൂപ വരെ | |
| | | പ്രേമ (ലഭ്യമല്ല) | 2900 | തസ്തിക അനുസരിച്ച് 12340 രൂപ മുതൽ 16790 രൂപ വരെ | |
| 7 | ശ്രീധർമ എച് പി | ജയലക്ഷ്മി ഷാജി | 11000 | 11790 | G.O.(P) No.31/2021/LBR |

| | | | | | |
|---|---|---|---|---|---|
| | | (ഓഫീസ് സ്റ്റാഫ്) | | | Dated, Thiruvananthapuram, 24 Th February, 2021 (സംസ്ഥാനത്തെ എൽ .പി.ജി.. വിതരണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്) |
| | ഗ്യാസ് ഏജൻസി | ജിജി ജിനീഷ് (ഓഫീസ് സ്റ്റാഫ്) | 6500 | 11790 | |
| | | രാജേഷ് (ഡ്രൈവർ ) | 10000 | 11790 (ഹെവി ഡ്യൂട്ടി )/ 11730 (ലൈറ്റ് ഡ്യൂട്ടി ) | |
| | | റെയ്നിഷ് ഡ്രൈവർ | 10000 | 11790/11730 | |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 7/21.9.2023) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം തൊഴിൽ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി - മറ്റു അപാകതകൾ

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റോറിയം, കള്ളുഷാപ്പ് എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2. 2022-23 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും മേൽ വിലാസവും പഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

4. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിൽ ബി എസ് എൻ എൽ സ്ഥാപനങ്ങളുണ്ടെങ്കിൽ അവയിൽ നിന്നും നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.10.2023)

## 1-18 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 338 |
| 2 | 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 30 |
| 3 | 200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങള് | 1 |
| 4 | 200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 2 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ | 6 |
| 6 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 172 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 62 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 69 |
| 9 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 90 |
| 10 | ആശുപത്രികൾ | 8 |
| 11 | റിസോർട്ടുകൾ | 75 |
| 12 | അമ്യൂസ്മെന്റ് പാർക്ക് | 4 |
| 13 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 23 |
| | ആകെ | 880 |

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഹരിതമിത്രം ക്യൂ.ആർ കോഡ് പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു (64 % ഡാറ്റാ എൻട്രി പൂർത്തിയാക്കി).

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 63 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 5 |
| 3 | ഓഡിറ്റോറിയം | 2 |
| 4 | പൗൾട്രി/സ്ലോട്ടർ/ഫിഷ് സ്റ്റാൾ | 4 |
| 5 | ഹോട്ടൽ/ഫുഡ് കോർട്ട് | 33 |
| 6 | സലൂൺ / സ്പാ | 1 |
| 7 | ഓഫീസ് കെട്ടിടങ്ങൾ | 18 |
| 8 | ലോഡ്ജ്/ഹോസ്റ്റൽ | 91 |
| 9 | സ്ട്രീറ്റ് വേണ്ടേഴ്സ് | 16 |
| 10 | പബ്ലിക് പ്ലേസ് | 3 |
| ആകെ | | 226 |

ഗ്രാമപഞ്ചായത്തിൽ ആകെ 880 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർ ഷിപ്പ് ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 880 കെട്ടിടങ്ങളിൽ 171 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു.

2. സംസ്ഥാന ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം (Www.keralatourism.org) അതിരപ്പിള്ളിയിൽ പ്രവർത്തിയ്ക്കുന്ന റിസോർട്ടുകളായ പാലാട്ടി റിസോർട്സ്, റെസിഡൻസി ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടില്ല.

3. ഡബ്ല്യു.പി.സി 22937/2021 നമ്പർ റിട്ട് ഹർജിയിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.7.2022 ലെ വിധിന്യായത്തിലെ നിർദ്ദേശാനുസാനുസരണം തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 01.08.2022 ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 1.8.2022 ലെ എൽ.എസ്.ജി.ഡി-ആർ ഡി 1/147/2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തി അത്തരത്തിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്ന് മാസത്തിനുള്ളിൽ നിർബന്ധമായും ലൈസൻസ് നേടാൻ നിർദ്ദേശിച്ച നോട്ടീസ് നല്കാൻ ആവശ്യപെട്ടിട്ടുണ്ട്. മേൽ സർക്കുലർ പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ഓരോ വാർഡിലെയും വാണിജ്യ കെട്ടിടങ്ങൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കുകയും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഫീ ഇനത്തിൽ വരുമാനവർദ്ധനവിനും സഹായമാകുമെന്ന ഓഡിറ്റ് വിലയിരുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 8/21.10 .2023)

**1-19 അമൃതം ഫുഡ്", അങ്കണവാടിയിലേക്കുള്ള ധാന്യങ്ങൾ എന്നീ ഉത്പന്ന വിതരണക്കാരിൽ നിന്നും ജി.എസ്.റ്റി, ടി.ഡി.എസ് ഈടാക്കിയില്ല**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 11/23 അങ്കണവാടി പോഷകാഹാരം, 75/23അങ്കണവാടി പോഷകാഹാരം എന്നീ പ്രോജക്ടുകളിൽ Amrutham Food Supplement, Bhadradeepam Kudumbasree Unit,Melur,Poolani,Thrissur-680311 എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും (പട്ടിക 1) പ്രകാരം അമൃതം ഫുഡ് എന്ന ഉൽപ്പന്നവും Theeramythri Supermarket, Edavanakkad -682502 എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും (പട്ടിക 2) പ്രകാരം ധാന്യങ്ങളും 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

**പട്ടിക 1**

| ക്രമ നം | ഉത്പന്നം | ഇൻ വോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | വൗച്ചർ നം. | തിയതി |
|---|---|---|---|---|---|---|---|---|---|
| 1 | അമൃതം | 610 | 31.5.2022 | 35700 | - | - | 35700 | 42200900 | 5.11.2022 |
| 2 | അമൃതം | 08 | 4.7.2022 | 36750 | 918.75 | 918.75 | 38587.5 | 42200830 | 16.9.2022 |
| 3 | അമൃതം | 13 | 3.8.2022 | 37450 | 936.25 | 936.25 | 39322 | 42200830 | 16.9.2022 |
| 4 | അമൃതം | 24 | 3.9.2022 | 33810 | 845.25 | 845.25 | 35500.5 | 42200900 | 5.11.2022 |
| 5 | അമൃതം | 29 | 6.10.2022 | 39480 | 987 | 987 | 41454 | 42200370 | 29.11.2022 |
| 6 | അമൃതം | 39 | 4.11.2022 | 39480 | 987 | 987 | 41454 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | അമൃതം | 55 | 7.2.2023 | 36750 | 918 | 918 | 38586 | 42201143 | 23.2.2023 |
| 8 | അമൃതം | 67 | 1.3.2023 | 37800 | 945 | 945 | 39690 | 42200623 | 28.3.2023 |
| ആകെ | | | | 297220 | 6537.25 | 6537.25 | 310924 | | |

**പട്ടിക 2**

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | നികുതി ബാധകമായ തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള ആകെ തുക | വൗച്ചർ നം. | തിയതി |
|---|---|---|---|---|---|---|---|---|---|---|
| 1 | ധാന്യങ്ങൾ | 4 | 22.4.2022 | 354842.51 | 114619.51 | 2865.49 | 2865.49 | 360573 | 42200830 | 16.9.2022 |
| 2 | ധാന്യങ്ങൾ | 40 | 1.8.2022 | 224710.54 | 178690.04 | 4467.25 | 4467.25 | 233645.04 | 42200370 | 29.11.2022 |
| 3 | ധാന്യങ്ങൾ | 95 | 22.11.2022 | 262341.40 | 74939.90 | 1873.50 | 1873.50 | 266088.40 | 42201096 | 1.2.2023 |
| 4 | ധാന്യങ്ങൾ | 140 | 8.2.2023 | 285665.33 | 79671.33 | 1991.78 | 1991.78 | 289648.90 | 42201143 & 42200623 | 23.2.2023 & 28.3.2023 |
| ആകെ | | | | 1127559.78 | 447920.78 | 11198.02 | 11198.02 | 1149955.82 | | |

CGST ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടി.ഡി.എസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017 ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം Amrutham Food Supplement, Bhadradeepam Kudumbasree Unit, Melur, Poolani, Thrissur-680311, Theeramythri Supermarket, Edavanakkad-682502 എന്നീ എന സ്ഥാപനങ്ങളിൽ നിന്നും അമൃതം ഫുഡ്, ധാന്യങ്ങൾ എന്നീ ഉൽപ്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ലാത്തതാണ്. ഭാവിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള വാങ്ങലുകളിൽ ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.10/21.10.2023)

## 1-20 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ (ആർ.റ്റി.) 3379/2004 എച്ച് & എഫ്.ഡബ്ല്യൂ.ഡി തീ. 03.12.2004 പ്രകാരം രൂപീകൃതമായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
അതിരപ്പിള്ളി ഹോമിയോ ഡിസ്പെൻസറി, വെറ്റിലപ്പാറ എഫ്.എച്ച്.സി, അതിരപ്പിള്ളി ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി അവസാനം സമർപ്പിച്ചത് ഏത് സാമ്പത്തിക വർഷത്തിലാണെന്നും 2022-23 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ തുടർച്ചയായ കണക്കുകൾ സമർപ്പിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 4/21.10.2023) അതിരപ്പിള്ളി ഹോമിയോ ഡിസ്പെൻസറി, അതിരപ്പിള്ളി ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾ മറുപടി ലഭ്യമാക്കിയില്ല. വെറ്റിലപ്പാറ എഫ്.എച്ച്.സി യുടെ 2015-16 വർഷം മുതലുള്ള എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടില്ലായെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അതിരപ്പിള്ളി ഹോമിയോ ഡിസ്പെൻസറി, വെറ്റിലപ്പാറ എഫ്.എച്ച്.സി, അതിരപ്പിള്ളി ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2022-23 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റിന് കണക്ക് സമർപ്പിക്കാത്ത എല്ലാ വർഷങ്ങളിലെയും വരവ് ചെലവ് കണക്ക് തയ്യാറാക്കി സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റുകൾ-ട്രിപ്പ് ഷീറ്റിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് കരാറടിസ്ഥാനത്തിൽ വാടകക്കെടുത്തിട്ടുള്ള വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

A) മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം, വെറ്റിലപ്പാറ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി, കരാറടിസ്ഥാനത്തിൽ വാടകക്ക് എടുത്തിട്ടുള്ള KL07 BG 2689 നമ്പർ വാഹനത്തിന്റെ ഡ്രൈവർ ശ്രീ. സുരേഷ് ഇ. ബി, ഏഴുപുറത്ത് വീട്, കണ്ണൻകുഴി എന്ന വ്യക്തിക്ക് ഒരേ തീയതിയിൽ ഒരേ സ്ഥലത്തേക്ക് യാത്ര ചെയ്തതിന് 2 പ്രാവശ്യം ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തി (യാത്ര ചെയ്ത സമയം രേഖപ്പെടുത്തിയിട്ടില്ല) തുക അനുവദിച്ചതായി കാണുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തീയതി 21.06.2022

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഫണ്ടിനം | യാത്ര ചെയ്ത സ്ഥലം | ദൂരം (Two Way) In Km | യാത്രക്ക് അനുവദിച്ച തുക | വൗച്ചർ നമ്പർ/ തീയതി | വൗച്ചർ തുക |
|---|---|---|---|---|---|---|---|
| 1 | 37/23-കോവിഡ് സ്പെഷ്യൽ പ്രോജക്റ്റ് | വികസന ഫണ്ട്-പൊതു വിഭാഗം | ചൗക്ക | 64 | 1280 | 42200796/ 17.08.22 | 24285 |
| | | | ചൗക്ക | 64 | 1280 | | |
| 2 | 142/23-പകർച്ച വ്യാധി നിയന്ത്രണം | മെയിന്റനൻസ് ഫണ്ട്-റോഡിതരം | പൊരിങ്ങൽ-വാഴച്ചാൽ-അതിരപ്പിള്ളി | 52 | 1240 | 42200797/ 17.08.22 | 20040 |
| | | | കണ്ണംകുഴി-സംരോഹ-വാഴച്ചാൽ | 62 | 1440 | | |
| കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരേ ദിവസം ചൗക്ക വരെ പോയതിന് രണ്ട് തവണകളായി ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തി 1280 രൂപ അധികം അനുവദിച്ചു. | | | | | | | |

2.തീയതി 17.06.2022

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഫണ്ടിനം | യാത്ര ചെയ്ത സ്ഥലം | ദൂരം (Two Way) In Km | യാത്രക്ക് അനുവദിച്ച തുക | വൗച്ചർ നമ്പർ/ തീയതി | വൗച്ചർ തുക |
|---|---|---|---|---|---|---|---|
| 1 | 142/23-പകർച്ച വ്യാധി നിയന്ത്രണം | മെയിന്റനൻസ് ഫണ്ട്-റോഡിതരം | തൃശ്ശൂർ-DMO ഓഫീസ്-ഗോഡൗൺ | 140 | 2800 | 42200797/ 17.08.22 | 20040 |
| | | | തൃശ്ശൂർ-DMO ഓഫീസ്-ഗോഡൗൺ | 140 | 2800 | | |
| കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരേ ദിവസം തൃശ്ശൂർ വരെ പോയതിന് രണ്ട് തവണകളായി ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തി 2800രൂപ അധികം അനുവദിച്ചു. | | | | | | | |

B) കേരള മോട്ടോർ വെഹിക്കിൾ റൂൾസ് 1989, ചട്ടം 224 പ്രകാരമുള്ള ട്രിപ്പ് ഷീറ്റിൽ യാത്ര പുറപ്പെടുന്ന സ്ഥലവും സമയവും എത്തിയ സ്ഥലവും സമയവും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പരിശോധനക്കായി ലഭ്യമാക്കിയ ട്രിപ്പ്ഷീറ്റുകളിൽ പുറപ്പെടുന്ന സമയവും എത്തിച്ചേർന്ന സമയവും രേഖപ്പെടുത്തിയിട്ടില്ല. വിവിധ പ്രോജക്റ്റുകളുടെ ഭാഗമായി ഒരേ ദിവസം നടത്തിയ യാത്രകൾക്ക് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി താഴെ കൊടുത്തിരിക്കും പ്രകാരം തുകകൾ ഡ്രൈവർക്ക് അനുവദിച്ചിട്ടുണ്ട്. ഒരേ ദിവസം നടത്തുന്ന യാത്രകൾക്ക് ഓരോ തവണയും ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും യാത്ര പുറപ്പെട്ടതായി ട്രിപ്പ്ഷീറ്റിൽ രേഖപ്പെടുത്തിയിട്ടും, ഇത്തരത്തിൽ അപൂർണ്ണമായ ട്രിപ്പ് ഷീറ്റുകൾ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി തുകകൾ അനുവദിച്ചതിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഫണ്ടിനം | ട്രിപ്പ് ഷീറ്റ് പ്രകാരം രേഖപ്പെടുത്തിയ തീയതി/ സമയം | യാത്ര ചെയ്ത സ്ഥലം | ദൂരം (Two Way) In Km | യാത്രക്ക് അനുവദിച്ച തുക | വൗച്ചർ നമ്പർ/ തീയതി | വൗച്ചർ തുക |
|---|---|---|---|---|---|---|---|---|
| 1 | 142/23-പകർച്ച വ്യാധി നിയന്ത്രണം | മെയിന്റനൻസ് ഫണ്ട്-റോഡിതരം | 05.08.22 | വാഴച്ചാൽ-ചായ്പ്പാൻകുഴി | 55 | 1300 | 42200845/22.09.22 | 9490 |
| | 37/23-കോവിഡ് സ്പെഷ്യൽ പ്രോജക്റ്റ് | വികസന ഫണ്ട്-പൊതു വിഭാഗം | 05.08.2022 | ചൗക്ക | 64 | 1280 | 42200796/17.08.22 | 24285 |
| 2 | 142/23-പകർച്ച വ്യാധി നിയന്ത്രണം | മെയിന്റനൻസ് ഫണ്ട്-റോഡിതരം | 03.08.2022 | അത്തിർമുഴി-ചായ്പ്പാൻകുഴി | 50 | 1000 | 42200797/17.08.22 | 20040 |
| | 37/23-കോവിഡ് സ്പെഷ്യൽ പ്രോജക്റ്റ് | വികസന ഫണ്ട്-പൊതു വിഭാഗം | 03.08.2022 | ഗോഡൗൺ-തൃശ്ശൂർ | 140 | 2800 | 42200796/17.08.22 | 24285 |
| 3 | 204/22-ആദിവാസി ജനതയുടെ ആരോഗ്യ പരിരക്ഷ | വികസന ഫണ്ട്-പൊതു വിഭാഗം | 04.08.2022 | മുക്കംപുഴ കോളനി-ചെക്ലായി | 65 | 1500 | 42200798/17.08.22 | 7300 |
| | 37/23-കോവിഡ് സ്പെഷ്യൽ പ്രോജക്റ്റ് | വികസന ഫണ്ട്-പൊതു വിഭാഗം | 04.08.2022 | പിള്ളപ്പാറ-പൊക്കലപ്പാറ-വാഴച്ചാൽ | 45 | 1100 | 42200796/17.08.22 | 24285 |
| 4 | 142/23-പകർച്ച വ്യാധി നിയന്ത്രണം | മെയിന്റനൻസ് ഫണ്ട്-റോഡിതരം | 27.08.2022 | സിൽവർസ്റ്റോം-വെറ്റിലപ്പാറ-ചെക്ലായി | 48 | 1160 | 42200845/22.09.22 | 9490 |
| | 37/23-കോവിഡ് സ്പെഷ്യൽ പ്രോജക്റ്റ് | വികസന ഫണ്ട്-പൊതു വിഭാഗം | 27.08.2022 | ചൗക്ക | 64 | 1280 | 42200834/17.09.22 | 1280 |

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(06/21.10.2023) വെറ്റിലപ്പാറ

കുടുംബാരോഗ്യ കേന്ദ്രത്തിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് യാത്രകൾക്ക് കരാറടിസ്ഥാനത്തിൽ വാടകക്ക് ആകെ ഒരു വാഹനം മാത്രമേയുള്ളുവെന്നും അതിനാലാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി ഒരേ ദിവസം ഉപയോഗിക്കേണ്ടി വന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കരാറടിസ്ഥാനത്തിൽ വാഹനം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ കേരള മോട്ടോർ വെഹിക്കിൾ റൂൾസ് 1989, ചട്ടം 224 പ്രകാരമുള്ള ട്രിപ്പ് ഷീറ്റിൽ പുറപ്പെടുന്ന സമയവും എത്തിച്ചേർന്ന സമയവും ഉൾപ്പടെ ആവശ്യമായ വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതും ആയതിനനുസരിച്ച് മാത്രം ചെലവു തുക അനുവദിക്കേണ്ടതുമാണ്.

**1-22 സൗജന്യ നേത്രക്യാമ്പും കണ്ണട വിതരണവും-മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത പ്രോജക്റ്റ് നടപ്പിലാക്കി-ചെലവ് തുകയായ 2,63,723/- രൂപ തടസ്സപ്പെടുത്തുന്നു**

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോജനങ്ങളുടെ നേത്രക്യാമ്പും സൗജന്യ കണ്ണടവിതരണവും എന്ന പ്രൊജക്റ്റ് നടപ്പിലാക്കിയത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, വെറ്റിലപ്പാറ
പ്രോജക്ട് നമ്പർ – 168/23
പ്രോജക്ടിന്റെ പേര് – വയോജനങ്ങളുടെ നേത്രക്യാമ്പും സൗജന്യ കണ്ണടവിതരണവും
അടങ്കൽ – 3,00,000 (ഡെവലപ്പ്മെന്റ് ഫണ്ട്-പൊതുവിഭാഗം)
ചെലവ് – 2,63,723/- രൂപ (ഡെവലപ്പ്മെന്റ് ഫണ്ട്-പൊതുവിഭാഗം)

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 42200905 | 08.11.2022 | 3900 |
| 2 | 42200950 | 29.11.2022 | 7120 |
| 3 | 42201145 | 23.02.2023 | 29560 |
| 4 | 42201308 | 25.03.2023 | 210000 |
| 5 | 42201313 | 25.03.2023 | 6958 |
| 6 | 42201337 | 29.03.2023 | 6185 |
| ആകെ | | | 263723 |

19.04.2022 തീയതിയിലെ 115/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരമുള്ള പതിനാലാം പഞ്ചവൽസര പദ്ധതികളുടെ (2022-23 മുതൽ 2026-27 വരെ) സബ്ഡിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.14(3) അനുസരിച്ച് വയോജനങ്ങൾക്ക് ഹിയറിങ് എയ്ഡ്, വീൽച്ചെയർ, വാക്കർ എന്നീ ഉപകരണങ്ങൾ സൗജന്യമായി നൽകുന്ന പ്രൊജക്ടുകൾക്കാണ് അംഗീകാരമുള്ളത്. ഇതിൽ കണ്ണടകൾ ഉൾപ്പെടുന്നില്ല. മാത്രമല്ല നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ഓഫ് ബ്ലൈന്റ്നെസ്സ് പ്രോഗ്രാം വഴി വയോജനങ്ങൾക്ക് സൗജന്യമായി കണ്ണടകൾ വിതരണം ചെയ്യുന്നുമുണ്ട്. നടപ്പിലാക്കിയ പ്രോജക്ടിന്റെ സൂക്ഷമ മേഖല കോഡ് പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്റ്റിന് അംഗീകാരം നൽകിയിട്ടുള്ളത് (31.10.2022 ലെ 1(1) നമ്പർ തീരുമാനം പ്രകാരം).

കണ്ണടകൾ വാങ്ങുന്നതിന് നടത്തിയ ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ബിനോയ് കെ. ജെ, ഏഷ്യൻ ഓപ്റ്റിക്കൽസ്, തൃശ്ശൂർ എന്ന വ്യക്തിയുടെ ക്വട്ടേഷൻ 14.12.2022 ലെ 6(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. കണ്ണടക്ക് 1000/- രൂപ നിരക്കിൽ ആകെ 210000/- രൂപ നൽകി പ്രസ്തുത സ്ഥാപനത്തിൽ നിന്നും 210 കണ്ണടകൾ വാങ്ങിയിട്ടുണ്ട്.

സർക്കാർ അനുമതിയില്ലാത്ത പ്രോജക്ടിന് അംഗീകാരം നൽകി നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.5/21.10.23), നാഷണൽ ബ്ലൈന്റ്നെസ്സ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി കണ്ണട ലഭിക്കുന്നതിന് കാലതാമസം ഉള്ളതിനാൽ നിലവിലെ പ്രോജക്റ്റിൽ നിന്നും കണ്ണട വാങ്ങുന്നതിനുള്ള അനുമതി കത്ത് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമായതിനാലാണ്

പ്രോജക്റ്റ് നിർവ്വഹിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ അംഗീകാരമില്ലാത്ത പ്രോജക്റ്റിനാണ് രൂപീകരണം നൽകുകയും നടപ്പാക്കുകയും ചെയ്തിട്ടുള്ളത്. പ്രോജക്റ്റ് രൂപീകരണ വേളയിൽത്തന്നെ ഈ വിഷയത്തിൽ വീഴ്ച വരുത്തിയതായി കാണുന്നു. സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രൊജക്റ്റുമായി ബന്ധപ്പെട്ട് തുക ചെലവഴിച്ചതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 2,63,723/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 വായ്പ ബാധ്യത ഇല്ലാതിരിക്കെ വായ്പ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു

നിർവ്വഹണം-സെക്രട്ടറി (സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കിയുള്ള പ്രോജക്റ്റ്/ജി.ഒ പ്രോജക്റ്റ്)

| പ്രോജക്റ്റ് | ഫണ്ട്/അടങ്കൽ | വൗച്ചർ നമ്പർ | ചെലവ് തുക | പ്രോജക്റ്റിന് ആധാരമായ സർക്കാർ ഉത്തരവ് |
|---|---|---|---|---|
| 252-ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | വികസനഫണ്ട് (എസ്.സി.പി)/48824 | വൗച്ചർ ഇല്ല | 48824 | സ.ഉ.(സാധാ) നം. 6872/2022/ധന. തീയ്യതി 12/10/22 |
| 254-ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | വികസനഫണ്ട് (എസ്.സി.പി)/48824 | വൗച്ചർ ഇല്ല | 48824 | സ.ഉ.(സാധാ) നം. 1049/2023/ധന. തീയ്യതി 13/2/23 |
| 253-ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | വികസനഫണ്ട് (ടി.എസ്.പി)/41849 | വൗച്ചർ ഇല്ല | 41849 | സ.ഉ.(സാധാ) നം. 6872/2022/ധന. തീയ്യതി 12/10/22 |
| 255-ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | വികസനഫണ്ട് (ടി.എസ്.പി)/41849 | വൗച്ചർ ഇല്ല | 41849 | സ.ഉ.(സാധാ) നം. 1049/2023/ധന. തീയ്യതി 13/2/23 |

31/3/22 ലെ ബാലൻസ് ഷീറ്റ് പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ തിരിച്ചടയ്ക്കാൻ ബാധ്യത ഇല്ലാത്തതാണ്. എന്നാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് 2022-23 ലെ വികസനഫണ്ട്(എസ്.സി.പി), (ടി.എസ്.പി) എന്നിവ അനുവദിച്ചപ്പോൾ വികസനഫണ്ട് (എസ്.സി.പി) അലോട്ട്മെന്റിൽ നിന്നും 97,648 രൂപയും വികസനഫണ്ട് (ടി.എസ്.പി) അലോട്ട്മെന്റിൽ നിന്നും 83,698 രൂപയും കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തുക തിരിച്ചടവിലേയ്ക്ക് സർക്കാർ കുറവ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം തുക തിരികെ അടയ്ക്കാൻ ബാക്കിയില്ലാത്തതിനാൽ ഈ വിവരം സർക്കാരിനെ അറിയിക്കേണ്ടതും കൂടുതലായി ഹഡ്കോയിലേയ്ക്ക് പഞ്ചായത്തിന് വേണ്ടി കുറവ് ചെയ്ത മേൽ തുക അതാത് വിഭാഗത്തിൽ അടുത്ത വർഷം തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(കുറിപ്പ്-മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുള്ളതും ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ വാർഷികകണക്കിൽ ഈ തുകകൾ വികസനഫണ്ട് (എസ്.സി.പി), (ടി.എസ്.പി) ഇനങ്ങളിൽ വരവായി ചേർക്കുകയോ ഈ തുക വായ്പ തിരിച്ചടവിനായി ഉപയോഗിച്ചു എന്ന് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വായ്പ ബാധ്യത ഇല്ലാത്തതിനാൽ ഈ തുകകൾ കുറവ്

ചെയ്തത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്താതെ ഈ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പഞ്ചായത്ത് പദ്ധതി ചെലവ് കണക്കുകളുടെ റിപ്പോർട്ട് തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്‌വെയറിലും ഉൾപ്പെടുത്തിയിരിക്കുന്നു).

(ഓഡിറ്റ് എൻക്വയറി 2 തീയ്യതി 20/10/23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 വി.ഇ.ഒ മലക്കപ്പാറ നടപ്പാക്കിയ പ്രോജക്ടുകൾ- രേഖകളുടെ സൂക്ഷിപ്പ്

1.ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾക്കുള്ള 4,00,000 രൂപ നിർമ്മാണത്തിന്റെ പല ഘട്ടത്തിലായി 4 തവണയായാണ് നല്കുന്നത്. വി.ഇ.ഒ, മലക്കപ്പാറ പുതിയ പ്രോജക്ടുകളായും സ്പിൽ ഓവർ പ്രോജക്ടുകളായും 9 ഭവന നിർമ്മാണ പ്രോജക്ടുകൾ (ലൈഫ് ഭവന നിർമാണം (ജനറൽ/എസ്.സി/എസ്.ടി) (പ്രോജക്ടുകൾ 32/23, 31/23, 34/23, 35/23, 30/23, 128/23, 129/23, 246/23) നടപ്പാക്കിയിട്ടുണ്ട്. നിർമാണത്തിന്റെ ഘട്ടം, അനുവദിച്ച ധനസഹായം എന്നിവ നിരീക്ഷിക്കുന്നതിനും നിർവ്വഹണോദ്യഗസ്ഥ തലത്തിലുള്ള മാറ്റം പ്രോജക്ടുകളുടെ നടത്തിപ്പിനെ ബാധിക്കാതിരിക്കുന്നതിനും ഇപ്രകാരം ഘട്ടം ഘട്ടമായി തുക അനുവദിക്കുന്ന എല്ലാ പ്രോജക്ടുകൾക്കും സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നല്കേണ്ടതും, ഗുണഭോക്താക്കളുടെ ഫോട്ടോ, വിലാസം, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നല്കിയ തുക, തുക നല്കിയത് ഏത് ഫണ്ടിൽ നിന്ന് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.എന്നാൽ

എ)വി.ഇ.ഒ, മലക്കപ്പാറ സ്റ്റേജ് സർട്ടിഫിക്കറ്റ് തയ്യാറാക്കാതെയാണ് ഓരോ ഘട്ടത്തിലും ധനസഹായം അനുവദിച്ചത്. ഓരോ നിർമാണ ഘട്ടത്തിന്റെയും ഫോട്ടോയും ഫയലിൽ ലഭ്യമല്ല.

ബി) ഗുണഭോക്താക്കളുടെ പേര്, നല്കിയ ഗഡു, തീയ്യതി എന്നിവ മാത്രം രേഖപ്പെടുത്തിയാണ് രജിസ്റ്റർ സൂക്ഷിക്കുന്നത്. ഗുണഭോക്താക്കളുടെ ഫോട്ടോ, വിലാസം, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, തുക നല്കിയത് ഏത് ഫണ്ടിൽ നിന്ന് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തുക നല്കിയത് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി) ഭവന നിർമാണം പൂർത്തീകരിച്ചവരുടെ കാര്യത്തിൽ വീടിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിച്ച് വരുന്നില്ല. (ഓഡിറ്റിൽ ആവശ്യപ്പെട്ടതിനെ തുടർന്ന് ഹാജരാക്കി)

ഡി) തുക നല്കിയത് നിരീക്ഷിക്കുന്നതിന് UTR ഫയലിനൊപ്പം സൂക്ഷിക്കുന്നില്ല.

(ഓഡിറ്റിൽ ആവശ്യപ്പെട്ടതിനെ തുടർന്ന് ഹാജരാക്കി)

പ്രൊജക്ടുകളുടെ നിർവ്വഹണത്തിന്റെ തുടർച്ച ഉറപ്പാക്കുന്നത് നിർവ്വഹണോദ്യോഗസ്ഥതലത്തിലും സ്ഥാപന തലത്തിലും മറ്റ് പരിശോധന തലത്തിലും നിരീക്ഷിക്കുന്നതിന് സഹായകരമായ രീതിയിൽ ഫയൽ സൂക്ഷിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 3 തീയ്യതി 20/10/23, മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-25 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ- 150000 രൂപ മുൻകൂർ നല്കിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല

നിർവ്വഹണം- സെക്രട്ടറി

| | | | ചെലവ് തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 77-ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | വികസനഫണ്ട് (ജനറൽ)/ 150000 | 42201074 /23-1-23 | 150000 | 251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions |

1. മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോ എന്ന സ്ഥാപനത്തിന് പ്രഫോർമ ഇൻവോയ്സ് നമ്പർ പിഎഫ് -983 തീയ്യതി 8-12-22 ന്റെ അടിസ്ഥാനത്തിൽ 150000 രൂപ മുൻകൂർ ആയി നല്കിയിട്ടുണ്ട്. നാളിതുവരെ ഹോംകോ മരുന്ന് സപ്ലെ ചെയ്തിട്ടില്ല.

2.തുക മുൻകൂർ ആയി നല്കിയപ്പോൾ പഞ്ചായത്തിന്റെ വാർഷികകണക്കിൽ മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം തുക നല്കിയപ്പോൾ തന്നെ മരുന്ന് ലഭ്യമായി എന്ന രീതിയിൽ ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 16(3) പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം അറിയിക്കാത്തതാണ് മേൽ പ്രകാരം കണക്കിൽ തെറ്റായി ബുക്ക് ചെയ്യപ്പെടുന്നതിന് കാരണം. വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയതിനാലും പഞ്ചായത്തിലെ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും പ്രഫോർമ ഇൻവോയ്സിനൊപ്പം അതത് ഇൻവോയ്സുകൾ ഫയൽ ചെയ്ത് സൂക്ഷിക്കാത്തതിനാലും മരുന്നുകൾ ലഭ്യമാക്കി ഈ തുക ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നത് സാധിക്കുന്നതല്ല.

(ഓഡിറ്റ് എൻക്വയറി 3 തീയ്യതി 20/10/23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 മാലിന്യസംസ്കരണം:111924/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ., വെറ്റിലപ്പാറ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാലിന്യസംസ്കരണം (47/23) എന്ന പ്രൊജക്ടിനായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം മാലിന്യസംസ്കരണത്തിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഇനത്തിൽ 111924/- രൂപ ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് ഹരിതകർമ്മസേനയുടെ വരവ് ചെലവ് രജിസ്റ്റർ, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അടങ്കൽ-200000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

വൗച്ചർ നം.42200570/01.03.2023 – 64638/-

വൗച്ചർ നം.42200672/31.03.2023- 47286/-

111924/-

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത് വരെ 111924/- രൂപ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം.11/21.10.2023).

## 1-27 ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

വി.ഇ.ഒ., വെറ്റിലപ്പാറ 2022-23 വർഷം ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. സർക്കാർ ഉത്തരവ് നം.GO(P) No.177/2006/Fin/12-04-2006 ലെ 18.1 ൽ എല്ലാ നിർവ്വഹണഉദ്യോഗസ്ഥരും TR 7 എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കേരള ട്രഷറികോഡ് വോള്യം I ആർട്ടിക്കിൾ 92(a) പ്രകാരവും TR 7 എ ക്യാഷ് ബുക്ക് എഴുതി തയ്യാറാക്കി വെക്കേണ്ടതാണ്.
അതിനാൽ വി.ഇ.ഒ., വെറ്റിലപ്പാറ 2022-23 വർഷത്തെ ക്യാഷ് ബുക്ക് എഴുതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.11/21.10.2023).

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകത

സബ്സിഡി മാർഗ്ഗരേഖ, സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ/28.05.2022 ലെ ഖണ്ഡിക 7.2.13 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിന് ഒരു ഗുണഭോക്താവിന് 200000/- രൂപ വരെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 3 ഗഡുക്കളായി നൽകാവുന്നതാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിന്റെ (നം.82/23) ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അടങ്കൽ-1000000/- (വികസന ഫണ്ട്-എസ്.സി.പി)

ആകെ ചെലവ്-275000/-

വൗച്ചർ നം.42201064/18.01.2023 – 50000/-

42201166/02.03.2023 – 75000/-

42201237/18.03.2023 – 50000/-

42201248/20.03.2023 – 50000/-

42201295/25.03.2023 - 50000/-

. 275000/-

| ഗുണഭോക്താവിന്റെ പേര് | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | തിയതി | അപാകത |
|---|---|---|---|---|
| അനു സുധീർ | അഞ്ജന കെ. എസ് | 50000/- | 18.03.2023 | സ്കൂൾ/കോളേജിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല. കൂടാതെ പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. |
| മനോജ് | കൽപന മനോജ് | 200000/-(അവസാന ഗഡു-75000/-2023-24 ൽ നൽകി) | - | പണിപൂർത്തീകരിച്ചെങ്കിലും സ്കൂൾ/കോളേജിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല. |
| ഉണ്ണികൃഷ്ണൻ | സ്വാതി | 50000/- | 25.03.2023 | സ്കൂൾ/കോളേജിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല. കൂടാതെ പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. |
| സ്വാതി കെ.എസ് | സ്വാതി കെ. എസ് | 50000/- | 18.03.2023 | സ്കൂൾ/കോളേജിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല. കൂടാതെ പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം.12/21.10.2023).

